റൗഡി ഉപദ്രവിച്ചു. അപ്പോൾ അവർ പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടു. അന്തിക്കാട് പോലീസ് സ്റ്റേഷനിലുള്ള ഒരു റൗഡിയാണ് ഇയാൾ. ആ സ്ഥലത്തുള്ള ആളുകളൊക്കെ ഇയാളെ പേടിച്ചാണ് കഴിയുന്നത്, ഒരു സാധുവായ തേങ്ങാ വെട്ടുതൊഴിലാളി തേങ്ങവെട്ടിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ഈ റൗഡി അയാളെ ആക്രമിച്ചിട്ടുണ്ട്. അതുപോലെതന്നെ സാധുവായ ഒരു കർഷകത്തൊഴിലാളിയേയും ആക്രമിച്ചിട്ടുണ്ട്. ഇങ്ങനെ ഇയാൾ ഈ പ്രദേശത്തു മുഴുവൻ ആക്രമണം നടത്തുകയാണ്. ഞാൻ എന്റെ വീട്ടിൽനിന്നും പോന്നതിനുശേഷം എന്റെ കുട്ടികളെയും മറ്റും ഉപദ്രവിക്കുമോ എന്നെനിക്കു ഭയമുണ്ട്. ആദ്യം പറഞ്ഞു അയാൾ ജനസംഘത്തിന്റെ ആളാണെന്ന്. പിന്നീട് പറഞ്ഞു ഇയാൾ കമ്മ്യൂണിസ്റ്റാണെന്ന്. ഏതായാലും ഇപ്പോൾ ഇയാൾ കാരണം ജീവിക്കാൻ നിവൃത്തിയില്ലാതിരിക്കുകയാണ്. ഇയാളുടെ അക്രമം അവസാനിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട സ്പീക്കും ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയും വേണ്ട നടപടികൾ കൈകൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രത്യേകിച്ച് പോലീസിനു വേണ്ട നിർദ്ദേശം കൊടുക്കണം. തീർച്ചയായിട്ടും ഇതിനു ഒരു പരിഹാരം ഉണ്ടാകണമെന്നു ഞാൻ അപേക്ഷിക്കുകയാണ്.

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ): സർ, ഈ കാര്യം ഇപ്പോൾ മാത്രമാണ് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടത്. ഇതിന്റെ ഗൗരവം പരിഗണിച്ച് അടിയന്തിരമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ട നിർദ്ദേശം കൊടുക്കുന്നതാണ്.

4. MESSAGE FROM THE PRESIDENT OF INDIA

മി. സ്പീക്കർ : ബഹുമാനപ്പെട്ട ഇൻഡ്യൻ പ്രസിഡൻറിൽ നിന്ന് ഈ സഭ പാസാക്കിയയച്ച പ്രമേയത്തിനു ഒരു മറുപടി കിട്ടിയിട്ടുണ്ട്. ഞാൻ അതു ഇവിടെ വായിക്കാം. "The President has asked me to thank you for your letter of August 29, 1969 and for the good wishes conveyed in the resolution passed by the Kerala Legislative Assembly, Trivandrum on August 21, 1969 and, on his election. He sends his best wishes to all of you."

5. ADJOURNMENT MOTION.

(i) Strike of N. M. R. Workers

Mr. Speaker: ഇവിടെ രണ്ടു മൂന്നു അടിയന്തിരപ്രമേയങ്ങൾ കിട്ടിയിട്ടുണ്ട്. സംസ്ഥാനത്തെ എൻ. എം. ആർ. തൊഴിലാളികൾ പണിമുടക്കിയിരിക്കുന്നതുമൂലം സംജാതമായിരിക്കുന്ന ഗുരുതരാവസ്ഥയെക്കുറിച്ച് ചർച്ചചെയ്യാൻ ശ്രീ. ടി. കെ. രാമകൃഷ്ണൻ, ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ, ശ്രീ. സി. ഗോവിന്ദപ്പണിക്കർ എന്നിവർ നോട്ടീസ് നൽകിയിട്ടുണ്ട്. ഈ പ്രശ്നത്തെസംബന്ധിച്ചുതന്നെ ശ്രീ. ആർ. എസ്. ഉണ്ണിയും റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് തന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് അതിനെക്കുറിച്ച് മറുപടി പറയാം.

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ): സർ, കഴിഞ്ഞമാസം 1-ാം തീയതിമുതൽ സംസ്ഥാനത്തെ എൻ. എം. ആർ. തൊഴിലാളികൾ, പ്രത്യേകിച്ച് പി.ഡബ്ലു.ഡി. ആൻഡ് ബിൽഡിംഗ്സിലുള്ള എൻ. എം. ആർ. തൊഴിലാളികൾ പണിമുടക്കിൽ ഏർപ്പെട്ടിരിക്കുകയാണ്. അവർ പണിമുടക്കുന്നതിനുമുൻപായി ചില അടിയന്തിരാവശ്യങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അവർ മുന്നോട്ടുവച്ചിട്ടുള്ള അവകാശവാദങ്ങൾ മറ്റു പല ഡിപ്പാർട്ടുമെന്റിലുള്ള തൊഴിലാളികളേയും വ്യവസായികരംഗത്തുള്ള തൊഴിലാളികളെയും ബാധിക്കുന്നതും ദൂരവ്യാപകമായ ഫലങ്ങൾ ഉൾക്കൊള്ളുന്നവയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആ പ്രശ്നങ്ങളും മന്ത്രിസഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയും മന്ത്രിസഭ അതിലേക്കുവേണ്ടി ഒരു സബ്കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തിരുന്നു. ആ മന്ത്രിസഭാകമ്മിറ്റി ബന്ധപ്പെട്ട സംഘടനകളുടെ നേതാക്കന്മാരുമായി നടത്തിയ ആലോചനയുടെ ഫലമായി തർക്കവിഷയപ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളമെല്ലാംതന്നെ ഒരു തീരുമാനത്തിലോ ധാരണയിലോ എത്താൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ പണിമുടക്കുകാലത്തെ ശമ്പളം വേണമെന്ന വാദം വീണ്ടും ഉയർന്നുവരികയും ചെയ്തു. ഇക്കാര്യത്തിൽ നേരത്തെ പറഞ്ഞതുപോലെതന്നെ ഇങ്ങനെയൊരു കീഴ്വഴക്കം ഇവിടെ ഇല്ല. ഇങ്ങനെ യാതൊരു തീരുമാനവും ഗവണ്മെൻറുതലത്തിൽ മാത്രമല്ല, സ്വകാര്യമേഖലയിലും ഇല്ല. അതു് വളരെയേറെ പ്രത്യാഘാതങ്ങൾ ഉളവാകാൻ പര്യാപ്തമായിട്ടുള്ളതാണു്. ഇക്കാര്യം കൈകാര്യം ചെയ്യാൻ സാദ്ധ്യമല്ലാത്തവണ്ണം സാമ്പത്തികവും വ്യാപാരപരവുമായ കാര്യങ്ങൾ ഉൾക്കൊള്ളുന്നതുകൊണ്ടു്, മന്ത്രിസഭാതലത്തിൽ ആവശ്യം വയ്ക്കാമെന്നും മന്ത്രിസഭയുടെ തീരുമാനത്തിനു് ആ പ്രശ്നം വിട്ടിട്ടു് മറ്റു പ്രശ്നങ്ങളിൽ ഒത്തുതീർപ്പിലും ധാരണയിലും എത്തിച്ചേരാമെന്നും ഞാൻ പണിമുടക്കു് സംഘടിപ്പിച്ച സംഘടനകളുടെ നേതാക്കന്മാരോടു് അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ ആ അഭ്യർത്ഥനയ്ക്കു് യാതൊരു ഫലവും ഉണ്ടായില്ല. ആ പ്രശ്നത്തിന്മേൽ വീണ്ടും സമരം തുടർന്നു പോകുകയും ആണു്. അടുത്ത മന്ത്രിസഭായോഗത്തിൽ ഈ പ്രശ്നം വീണ്ടും പര്യാലോചിക്കുന്നതാണു്. മന്ത്രിസഭയുടെ തീരുമാനത്തിനു വിട്ടുകൊണ്ടു് ഈ പ്രശ്നങ്ങളെ സമീപിക്കാനുള്ള മനോഭാവം തൊഴിലാളി ഭാഗത്തുനിന്നും ഉണ്ടായിരുന്നില്ല. തർക്കവിഷയങ്ങളിൽ പൊതുവായ ധാരണ ഉണ്ടായിരുന്ന നിലയ്ക്കു് പണിമുടക്കു് ഏറ്റവും വേഗം അവസാനിപ്പിക്കാവുന്നതാണു്, ഈ ഒറ്റ പ്രശ്നത്തിനുവേണ്ടി മാത്രമായി ഈ പണിമുടക്കു് ഇപ്പോഴും തുടർന്നു പോകണമോ? ഈ പണിമുടക്കിയിരിക്കുന്ന തൊഴിലാളികളുടെ മാത്രമല്ല, ആ തൊഴിലാളികളുടെ പ്രവർത്തനത്തിനപ്പുറത്തേക്കു് കാൺപാക്കു് പ്രവർത്തനങ്ങളും പോലും സ്തംഭിപ്പിക്കത്തക്ക രീതിയിൽ തുടർന്നുകൊണ്ടുപോകുന്നതു് ശരിയാണോയെന്ന തീരുമാനിക്കേണ്ട കാര്യമാണു്. മന്ത്രിസഭാ തീരുമാനമില്ലാതെ ഇക്കാര്യത്തിൽ വ്യക്തമായ ഉറപ്പു് ആർക്കും നൽകാൻ സാദ്ധ്യമല്ലാത്ത സ്ഥിതിയിലാണു് ഇരിക്കുന്നതു്. അതുകൊണ്ടു് അടുത്ത മന്ത്രിസഭായോഗം വരെ ഇക്കാര്യത്തിൽ നേരിട്ടു് വാഗ്ദാനം നൽകുന്നതിനു് സാധ്യമല്ല.

ശ്രീ: ബി. മാധവൻനായർ: ഇറിഗേഷൻ ലെവി പത്തുപതിനായിരം തൊഴിലാളികളും പണിമുടക്കിയെങ്കിലും പണിമുടക്കിയിട്ടില്ല. അവർ പണിമുടക്കാതിരിക്കുന്നതുകൊണ്ടു് അവരുടെകാര്യം വിട്ടുപോകാതെ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കണം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കുന്നതിനു് മന്ത്രിസഭക്കൂടി തീരുമാനം ഉണ്ടാകുന്നതുവരെ കാത്തിരിക്കേണ്ടതായിട്ടുണ്ടോ? സബ്കമ്മിറ്റിയിൽ ഇതിനു് തടസ്സം നിൽക്കുന്ന മന്ത്രി ആരാണു്? അദ്ദേഹംകൂടി അനുകൂലിച്ചു് ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കേണ്ടതാണു്.

ശ്രീ. ടി. കെ. ദിവാകരൻ: ആ പ്രസ്താവനയെ ശക്തിയുക്തം എതിർക്കുന്നു. സബ്കമ്മിറ്റിയിലെ ഭൂരിപക്ഷം അംഗങ്ങളും ഇങ്ങനെയൊരഭിപ്രായം പറഞ്ഞിട്ടില്ല. കാബിനറ്റിൽ ഈ പ്രശ്നങ്ങൾ കൂടിയാലോചിച്ചശേഷം എന്തെങ്കിലും തീരുമാനമെടുക്കണമെന്നില്ലാതെ സബ്കമ്മിറ്റി സ്വന്തമായ തീരുമാനമെടുക്കണമെന്നില്ല. ഇതു് ചില പ്രചരണങ്ങൾക്കും രാഷ്ട്രീയ വിദ്വേഷങ്ങൾക്കും ഉപകരിക്കുമെന്നല്ലാതെ മറ്റൊന്നുമല്ല.

ശ്രീ. കെ. എ. ശിവരാമഭാരതി: മന്ത്രിസഭായോഗം കൂടുന്നതുവരെ ഈ പ്രശ്നം നീട്ടിവയ്ക്കാതെ വളരെ അടിയന്തിരമായി ഈ പ്രശ്നം പരിഹരിക്കുന്നതിനു് നിയമസഭാസമ്മേളനം നടന്നുകൊണ്ടിരിക്കുന്ന ഇക്കാലത്തു് ഇന്നോ നാളെയോ എന്നു

LIBRARY ARCHIVES Kerala Legislative Assembly

വേണമെങ്കിലും മന്ത്രിസഭായോഗം കൂടാവുന്ന സാഹചര്യം ഉണ്ടായിരിക്കെ അടിയന്തിരമായിട്ട് മന്ത്രിസഭായോഗം എടുക്കുന്നതിനു് മന്ത്രി വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. കെ. ദിവാകരൻ : ഇന്നത്തെ പ്രത്യേക പരിതഃസ്ഥിതിയിൽ മന്ത്രിസഭയുടെ യോഗം കൂട്ടാൻ തീരുമാനിക്കേണ്ടതു് അക്ഷരമാലാക്രമത്തിലാണെന്നു് എല്ലാ ആളുകൾക്കും അറിയാവുന്നതാണു്. ബഹുമാനപ്പെട്ട റവന്യൂമന്ത്രിയാണു് അടുത്ത യോഗത്തിൽ അദ്ധ്യക്ഷം വഹിക്കേണ്ടതു്. ബഹുമാനപ്പെട്ട റവന്യൂമന്ത്രി അടിയന്തിരമായിട്ട് വിളിച്ചുകൂട്ടുകയാണെങ്കിൽ അതിനു ഞാൻ സന്നദ്ധനാണു്.

ശ്രീമതി. കെ. ആർ. ഗൗരി : എല്ലാവരും കൂടിയാണു് തീരുമാനിച്ചിട്ടുള്ളതു്. അങ്ങോട്ടും ഇങ്ങോട്ടും കുറ്റമാരോപിച്ചിട്ട് ആരും മിടുക്കനാവാൻ നോക്കണ്ട.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: പണിമുടക്കുകാലത്തെ വേതനം എന്ന ഒരൊറ്റ പ്രശ്നംമാത്രം അവശേഷിച്ചതുകൊണ്ടു്.....ഇതു സംബന്ധിച്ചു് പത്രങ്ങളിൽ വന്ന വാർത്തകൾ വായിച്ചതിനുശേഷമാണു് ഞങ്ങൾ പറഞ്ഞതു്, 40 രൂപ കൊടുക്കുക എന്ന നിർദ്ദേശം സബ്കമ്മിറ്റിയിൽ വന്നിട്ടുണ്ടെന്നു്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറയുന്നതുപോലെ മന്ത്രിസഭയുടെ മൊത്തം തീരുമാനമാവശ്യമാണെങ്കിൽ അടുത്ത മന്ത്രിസഭായോഗംവരെ കാത്തിരിക്കാതെ അതും സംബന്ധിച്ച ഫയൽ മന്ത്രിമാർക്കു് സർക്കുലേറ്റ് ചെയ്തു് അംഗീകാരം നേടിയാൽ പോരേ.

ശ്രീ. ടി. കെ. ദിവാകരൻ: അങ്ങനെയൊരു തീരുമാനം സബ്കമ്മിറ്റി ആലോചിച്ചില്ല. സബ്ക്കമ്മിറ്റിയിൽ അഞ്ചുപേരുണ്ടു്. അവർക്കു മാത്രമായി ഈ കാര്യത്തിൽ തീരുമാനം എടുക്കുവാൻ പറ്റുകയില്ല. പണിമുടക്കുകാലത്തെ ശമ്പളം നൽകുകയെന്നുള്ളതു് ഒരു കീഴ്വഴക്കം സൃഷ്ടിക്കൽ ആണു്. പൊതുമുതൽ വിനിയോഗിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഉത്തരവാദിത്വം ക്യാബിനറ്റിനാണുള്ളതു്. ക്യാബിനറ്റിലെ എല്ലാ അംഗങ്ങളും ഇരുന്നു് ചർച്ച ചെയ്തു് തീരുമാനിക്കേണ്ടതാണു്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, എനിക്കൊരു വിശദീകരണം.....

മി. സ്പീക്കർ : ബഹുമാനപ്പെട്ട അച്യുതാനന്ദനെക്കുറിച്ചു് ആരോപണമൊന്നുന്നയിച്ചിട്ടില്ല.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, വസ്തുത വ്യക്തമാക്കേണ്ടിയിരിക്കുന്നു. ബഹുമാനപ്പെട്ട ടി. വി. തോമസ്സിന്റെ പ്രസ്താവനയിൽ നിന്നുമാണു് ഇക്കാര്യം മനസ്സിലാക്കിയതു്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അച്യുതാനന്ദനപ്പറ്റി ആരോപണമൊന്നും പറഞ്ഞിട്ടില്ല.

ശ്രീ. ടി. എം. മീതിയൻ : ഇറിഗേഷനിലെ എൻ. എം. ആർ. തൊഴിലാളികളും പണിമുടക്കു നോട്ടീസു് നൽകിയിട്ടില്ലെന്നു പറയുന്നതു ശരിയല്ല. അവർ പണിമുടക്കു നോട്ടീസു് ബഹുമാനപ്പെട്ട മന്ത്രിക്കു കൊടുത്തിട്ടുണ്ടു്. ഇറിഗേഷൻ പ്രോജക്റ്റു്, പെരിയാർ വാലിസ്കീം, ഇവിടെയെല്ലാം ഒന്നാം തീയതിമുതൽ പണിമുടക്കു് നടന്നുകൊണ്ടിരിക്കുകയാണു്. അവർ മെമ്മോറാണ്ടം കൊടുത്തിരുന്നു, പണിമുടക്കു നോട്ടീസു് കൊടുത്തിരുന്നു. അവരുടെ കാര്യംകൂടി ശ്രദ്ധയിൽപ്പെടുത്തണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. ആർ. എസ്. ഉണ്ണി : ഈ പണിമുടക്കു് സംബന്ധിച്ചു് പൊതുവായ പ്രശ്നങ്ങളിൽ വിവിധസംഘടനാനേതാക്കന്മാരുമായി ഒരു ധാരണയും ഉണ്ടായിട്ടില്ല. തൊഴിലാളികളുടെ ഡീയർനസ്അലവൻസ്, അവധി, സേവനസ്ഥിരത എന്നിവയെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് പൊതുവായ തീരുമാനം ഉണ്ടായിട്ടില്ല. അതെല്ലാം അവസാന തീരുമാനമെടുക്കാനുണ്ടായിട്ടാണ് ഇരിക്കുന്നതു് പണിമുടക്കുകാല വേതനം ആവശ്യപ്പെട്ടിട്ടുണ്ട്. 40 രൂപ കൊടുക്കണമെന്നുള്ളതു്. ആരാണ് നിശ്ചയിച്ചതു്. പണിമുടക്കിൽ നേതൃത്വം നൽകുന്ന സംഘടനയുടെ പ്രസിഡൻറ് എന്ന നിലയിൽ ഞാൻ ചോദിക്കുകയാണു്, ആരാണ് ഈ തീരുമാനമെടുത്തതു് എന്നു്.

Mr. Speaker: You cannot make a speech now.

ശ്രീ. ആർ. എസ്. ഉണ്ണി : സംശയം ചോദിക്കുകയാണു്. പണിമുടക്കുകാല വേതനം പണിമുടക്കിയ മുഴുവൻ ദിവസത്തേക്കും തൊഴിലാളിക്കു് കിട്ടാൻ അവകാശം ഉണ്ടു്. ഇതു് ഒരു തോതിൽ അംഗീകരിക്കാമെന്നുണ്ടെങ്കിൽ മുഴുവൻ ദിവസത്തെ വേതനവും തൊഴിലാളിക്കു് നൽകണം. 40 രൂപ എന്നു പറയുന്നതു് തൊഴിലാളിക്കു് നഷ്ടം വരുത്തുന്ന കാര്യമാണു്. അതുകൊണ്ടു് പണിമുടക്കിയ മുഴുവൻ ദിവസത്തെ വേതനവും തൊഴിലാളിക്കു് നൽകേണ്ടതാണു്.

Mr. Speaker : The Minister will take all these points into consideration.

ശ്രീ. ബി. മാധവൻനായർ : സർ, തെറ്റിദ്ധാരണ നീക്കാൻവേണ്ടിയാണു് ഇതു പറയുന്നതു്. ഇറിഗേഷനിലുള്ള ആളുകൾക്കു മെമ്മോറാണ്ടം കൊടുത്തിട്ടില്ല. മലമ്പുഴ, പീച്ചി, നെയ്യാർ ഡാം, ഇവിടങ്ങളിലെ തൊഴിലാളികൾക്കും പണിമുടക്കിയിട്ടില്ല. പണി മുടക്കാതിരിക്കുന്നതുകൊണ്ടു് അവരുടെ കാര്യം ശ്രദ്ധയിൽപ്പെടാതെ വരരുതു് എന്നാണു് ഞാൻ പറഞ്ഞതു്.

മി. സ്പീക്കർ : മന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തിരപ്രമേയത്തിനു അനുമതി നൽകുന്നില്ല.

(ii) Tense situation in Trichur District consequent on the arrest of Shri. N. I. Devassikutty and the enforcement of Prohibitory Order

മി. സ്പീക്കർ : തൃശ്ശൂർ ഡിസ്ട്രിക്ടിൽ അരിമ്പൂർ പ്രദേശത്തു് കർഷകത്തൊഴിലാളികളുടെ ഇടയിൽ ഉള്ള സംഘർഷാവസ്ഥയെക്കുറിച്ചു് ചർച്ച ചെയ്യുന്നതിനു ശ്രീ. കെ. കരുണാകരനും ശ്രീ. കെ. ടി. ജോർജ്ജും നോട്ടീസു് നൽകിയിട്ടുണ്ടു്. എൻ. എം. ആർ. തൊഴിലാളികളുടെ പ്രശ്നം സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രി ഉടനടി ക്യാബിനറ്റു് വിളിച്ചുകൂട്ടി വേണ്ടതു ചെയ്യാമെന്നു പറഞ്ഞതുകൊണ്ടു് മി. വാര്യരുടെയും മി. രാമകൃഷ്ണന്റെയും മി. ഗോവിന്ദപ്പിള്ളയുടെയും അടിയന്തിര പ്രമേയങ്ങൾക്കു് അനുമതി നൽകുന്നില്ല. ഇതു സംബന്ധിച്ചുള്ള കേസ്സുകളും നിലവിലിരിക്കുകയാണെന്നാണു് എനിക്കു കിട്ടീയിട്ടുള്ള അറിവു്. കേസുകളും നിലവിലുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ചർച്ച ചെയ്യണമോ വേണ്ടയോ എന്നു എനിക്കറിവില്ല. ബഹുമാനപ്പെട്ട മന്ത്രി എന്തു പറയുന്നു.

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ കൃഷ്ണൻ) :

ഇപ്പോൾ അവിടെ സംഘർഷാവസ്ഥയൊന്നും ഇല്ല. സമാധാനം സംരക്ഷിക്കുവാൻ വേണ്ട നടപടി എടുത്തിട്ടുണ്ടു്. കേസുകളും കോടതിയിൽ നിലവിലിരിക്കുകയാണു്.

ശ്രീ. കെ. കരുണാകരൻ : സർ, അവിടെ കൃഷി നടത്തുന്നതിനായി ദേവസ്സിക്കുട്ടി കൃഷിസ്ഥലത്തു് എത്തിയപ്പോൾ പോലീസു് അദ്ദേഹത്തെ തടയുകയും അറസ്റ്റു് ചെയ്യുകയും ചെയ്തു. അതേക്കുറിച്ചു് അന്വേഷിച്ചപ്പോൾ ദേവസ്സിക്കുട്ടിയുടെ ജോലിക്കാരെയെല്ലാം തടയണമെന്നും അറസ്റ്റു ചെയ്യണമെന്നും ഞങ്ങൾക്കു് നിർദ്ദേശം ഉണ്ടു്. ഇതെല്ലാം 'മേൽ' നിന്നുള്ള നിർദ്ദേശമാണു്. അതേ സമയം ശ്രീ. ആര്യന്റെ

LIBRARY ARCHIVES Kerala Legislative Assembly